# Weekly Devotion - May
# Reasons of Spiritual failure
### (ആത്മീക പരാജയം - കാരണങ്ങൾ)
## “Let your failure be your motivation to success”

Winona Bhushan




മൂല്യനിർണ്ണയത്തിൽ ഒരു വിഭാഗം ജയാളികളാകുമ്പോൾ മറ്റൊരുവിഭാഗം തോല്ക്കുന്നവരാകുന്നു. ആത്മീയ മൂല്യനിർണ്ണയം നടത്തുന്ന ഗുരു തക്കസമയത്ത് മുന്നറിയിപ്പുകൾ പലമാർഗ്ഗത്തിൽ തരുന്നു. കേട്ടനുസരിക്കുന്നവർക്കുമാത്രമേ തങ്ങളുടെ തോൽവിയെ വിജയമാക്കി മാറ്റുവാൻ കഴിയുകയുള്ളൂ. കണ്ടും, കേട്ടും മോഹിക്കുന്ന കാര്യങ്ങളാണ് നമ്മെ തോൽവിയുടെ പടുകുഴിയിലേക്ക് എറിയുന്നത്.

മഹാനായ ടോൾസ്റ്റോയിയുടെ “How much earth does a man need” എന്ന കഥയാണ് ഇപ്പോൾ എന്റെ ഓർമ്മയിൽ വന്നത്. ഒരിക്കൽ തന്റെ അടുക്കൽ വന്ന് പ്രാരാബ്ദം പറഞ്ഞ കൃഷിക്കാരനോട് സാർ ചക്രവർത്തി സഹായിക്കാമെന്നു പറഞ്ഞു. കൃഷിക്കാവശ്യമുള്ള ഭൂമി സൂര്യാസ്തമനത്തിനു മുമ്പേ അളന്നെടുക്കുവാനുള്ളത് എടുക്കുകയും വേണമെന്ന് നിർദ്ദേശിച്ചിരുന്നു. അടുത്ത പ്രഭാതത്തിൽ തുടങ്ങിയ സ്ഥലത്ത് അടയാളം വച്ച് അയാൾ അളക്കുവാൻ തുടങ്ങി. നടന്നവൻ ആർത്തി മൂത്തപ്പോൾ ഓടി അളന്നു. ഓടിഓടിത്തളർന്നവൻ സന്ധ്യ ആയപ്പോൾ തോറ്റവനായി തളർന്നു വീണ് പ്രാണനെ വിട്ടു. ആറടി മണ്ണ് മത്രം മതിയായിരുന്നു ജീവൻ നഷ്ടപ്പെട്ട അയാളുടെ ശരീരത്തിന്. അത് ലഭിക്കുകയും ചെയ്തു.

ദൈവവിളി കേട്ടനുസരിച്ച് ഇറങ്ങിയ അബ്രഹാമിനോടൊപ്പം ഇറങ്ങിവന്ന ലോത്തിനെയും അബ്രഹാമിനെപ്പോലെ തന്നെ ദൈവം അനുഗ്രഹിച്ചു. ഒന്നിച്ച് പാർക്കുന്നത് ബുദ്ധിമുട്ടായപ്പോൾ യഹോവ പറഞ്ഞതനുസരിച്ച് അവനെ മാറ്റി. ഭൗമീക സമ്പത്തോട് ആർത്തി പൂണ്ടവന്റെ തകർച്ച ഭയങ്കരമെന്ന് ലോത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. കൂടാരം നീക്കി അടിക്കുമ്പോൾ ദൈവത്തിൽ നിന്ന് അവനും കുടുംബവും അകലുന്നു എന്നവൻ അറിഞ്ഞില്ല. രക്ഷിപ്പാൻ ദൈവം ശ്രമിച്ചിട്ടും ആ കുടുംബം ശാപഗ്രസ്ഥമാകുകയും ദേശം നശിക്കുകയും ചെയ്തു.

Read: ഉല്പത്തി (19)

'അസൂയ' ആത്മീയ തോൽവിയുടെ മറ്റൊരു ഘടകമാണ്. ദൈവം ഹാബേലിന്റെ യാഗത്തിൽ പ്രസാദിച്ചു എന്ന അറിവ് സഹോദരനായ കായീനെ കോപാകുലനാക്കി. തുടർന്ന് തന്റെ സഹോദരന്റെ മരണത്തിനത് കാരണമായി. പാപം വാതില്ക്കലുള്ളതിനാൽ സൂക്ഷിക്കുവാനുള്ള മുന്നറിയിപ്പ് അവഗണിച്ച കായീന്റെ വംശം ശാപത്തിനടിമപ്പെടുവാൻ കാരണമായത്.

ദൈവത്തിനും മോശയ്ക്കും വിരോധമായി സംസാരിച്ച ജനത്തിന് സംഭവിച്ച പരാജയം സംഖ്യ:21:4-6 വരെയുള്ള വാക്യങ്ങളിൽ കാണാം. യഹോവയെ മറന്ന് സംസാരിക്കുന്നവർക്കും പ്രവർത്തിക്കുന്നവർക്കുമുള്ള ശിക്ഷ എന്തെന്ന് സങ്കീർത്തനക്കാരൻ പറയുന്നു. പരിശുദ്ധാത്മാവിന് എതിരായി ഒരു വാക്ക് ഉച്ചരിക്കുന്നവനോട് ക്ഷമിക്കുകയില്ല എന്നും വചനം വ്യക്തമാക്കുന്നു.

നിരാശയിൽ വീണു പോയാൽ അത് നമ്മെ തോൽവിയിലേക്ക് നയിക്കുന്നു. രാത്രി മുഴുവൻ അധ്വാനിച്ചിട്ടും മീൻ കിട്ടാതെ വല കഴുകിയവന്റെ വാക്കുകൾ തോറ്റവന്റെ നിരാശയുടെ വാക്കുകളായിരുന്നു. (ലൂക്കോ: 5:5)
പക്ഷേ തന്റെ പടകിൽ കയറി കരയിൽ നിന്ന് അല്പം നീക്കാനാവശ്യപ്പെട്ട വ്യക്തി സാധാരണ വ്യക്തിയല്ല എന്ന്, കരയിലിരുന്ന പുരുഷാരത്തോട് പറയുന്ന ഉപദേശം കേട്ടപ്പോൾ പത്രോസിനു മനസ്സിലായി . അതുകൊണ്ടാണ് 'നാഥാ' എന്ന് വിളിച്ചതും, നിന്റെ വാക്കിന് വലയിറക്കാം എന്ന് പറഞ്ഞതും . നിരാശ മാറിയാലേ പ്രത്യാശ കടന്നു വരുകയുള്ളൂ. പത്രോസിന്റെ അനുസരണം അവനെ ജയാളിയാക്കി. പെരുത്ത മീൻകൂട്ടം അടങ്ങിയ വല അവരെ സംഭ്രമം പിടിപ്പിച്ചു. ജയാളിക്ക് അനുസരണം ആവശ്യമാണ്.

പത്രോസിന്റെ ജീവിതത്തിൽ പലപ്പോഴും തോൽവി സംഭവിച്ചിട്ടുണ്ട്. സ്വാഭിമാനവും ശ്രദ്ധയില്ലായ്മയും മൂലം ഇടറുകയില്ല എന്ന് പറഞ്ഞ വ്യക്തി ഒലിവുമലയിലെ ഗുരുവിന്റെ വേദനാ നിമിഷത്തിൽ പ്രാർത്ഥിപ്പാനാണ് തന്നെ കൊണ്ടു പോയതെന്ന് മറന്നുപോയി (ലൂക്കോ: 22:39, 40)
ഉറങ്ങുന്നതു കണ്ട പത്രോസിനോട് ശീമോനേ നീ ഉറങ്ങുന്നുവോ ? എന്ന് ചോദിക്കേണ്ടതായി വന്നു. (മർക്കോ:14:37,38) പരീക്ഷയിലകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കണം എന്ന് യേശു പഠിപ്പിച്ച സത്യം മറന്ന് ദൂരവേ അനുഗമിച്ചവൻ പരസ്യമായി ഗുരുവിനെ തള്ളിപറയുവാൻ ഇടയാകുന്നു. (Read.മർക്കോ:14:66-71)
മുന്നറിയിപ്പ് നൽകിയപ്പോൾ തനിക്ക് വീഴ്ച വരുകയില്ല എന്ന് അഭിമാനത്തോടെ പറഞ്ഞവനാണ് ഇവിടെ വീണത്.ഗുരു തിരിഞ്ഞു നോക്കിയപ്പോൾ പശ്ചാത്താപം വന്നവൻ തല്ക്കാലത്തേക്ക് യഥാസ്ഥാനപ്പെട്ടു എന്നാൽ വീണ്ടും ഗുരുവിന്റെ അഭാവത്തിൽ (ഉയിർപ്പിനു ശേഷം) പഴയ തൊഴിലിലേക്കു പോയവനെ തിരികെ കൊണ്ടു വരുവാൻ യേശു പ്രത്യക്ഷനായി. മൂന്നു ചോദ്യങ്ങൾ ചോദിച്ചു. (യോഹ:21:15-17) ഈ ചോദ്യങ്ങൾ അവനെ പൂർണ്ണ ജയാളിയാക്കി.

ദ്രവ്യാഗ്രഹം നമ്മെ തോൽവിയിലേക്ക് നയിക്കുമെന്നുള്ളതിന് തെളിവാണ് യൂദയുടെ ജീവിതം. ഗുരു നൽകിയ നിർദ്ദേശങ്ങൾ കേൾപ്പാൻ കഴിവുള്ള ചെവി ഉണ്ടായിട്ടും കേൾക്കാതെ വെറും '30'വെള്ളിക്കാശിന് നീതിമാനെ ഒറ്റിക്കൊടുത്തവനാണ് യൂദ. കുറ്റബോധം വന്നപ്പോൾ ഗുരുവിന്റെ അടുക്കൽ പശ്ചാത്താപത്തോടെ എത്താതിരുന്നതിനാൽ ജയാളിയാകുവാനുള്ള അവസരം നഷ്ടമാക്കി. കൂടാതെ നിത്യതോൽവിയിലേക്ക് ആത്മഹത്യ ചെയ്തപ്പോൾ നിപതിക്കുകയും ചെയ്തു. സഭ്യേതരമല്ലാത്ത പ്രവർത്തികളിൽ പങ്കാളികളാകുന്നതും ,

വിഗ്രഹാരാധികളായി മാറുന്നതും നമ്മെ പരാജയത്തിലേക്ക് തള്ളിയിടുന്നു. തോൽവിയിൽ നിന്ന് രക്ഷപെടുവാൻ വചനം പഠിക്കുക, ക്രിസ്തുവിലാശ്രയിച്ച്, വിശ്വസിച്ച് ജീവിക്കുക. ദൈവം ജയാളികളായി നിങ്ങളെ മാറ്റുവാൻ ആ സർവ്വ ശക്തനെ നമിക്കുക, അനുഗ്രഹം പ്രാപിക്കുക.

God Bless You all

**ശാന്തമ്മ വർഗ്ഗീസ്**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59-JJX2dk_wuLkKT2hE0tg